2024 AUGUST
22
THURSDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




## ഡിസ്നി പ്ലസ് ഹോട്ട്സ്റ്റാർ ജിയോസിനിമ ലയനം പ്രതിസന്ധിയിൽ

**കൊച്ചി:** ലോകത്തിലെ പ്രമുഖ മാധ്യമ കമ്പനിയായ വാൾട്ട് ഡിസ്നിയുടെ സ്റ്റാർ ഇന്ത്യയെ ഏറ്റെടുക്കാനുള്ള ഇന്ത്യൻ കോർപ്പറേറ്റ് ഭീമൻ റിലയൻസ് ഇൻഡസ്ട്രീസിൻറെ നീക്കത്തിനെതിരെ നിയന്ത്രണ ഏജൻസിയായ കോംപറ്റീഷൻ കമ്മിഷൻ ഒഫ് ഇന്ത്യ (സിസിഐ) രംഗത്ത്. ലോകത്തിലെ ഏറ്റവും വലിയ വിനോദ വ്യവസായ വിപണിയായ ഇന്ത്യയിൽ വലിയ കുത്തകവത്കരണത്തിന് ഇരു കമ്പനികളുമായുള്ള ലയനം കാരണമാകുമെന്നാണ് സിസിഐ സംശയിക്കുന്നത്.

വാൾട്ട് ഡിസ്നിയുടെ ഇന്ത്യയിലെ ആസ്തികൾ 72,000 കോടി രൂപയ്ക്ക് (850 കോടി ഡോളർ) വാങ്ങാനാണ് റിലയൻസ് ഇൻഡസ്ട്രീസ് ഒരുങ്ങുന്നത്. ഇതു സാധ്യമായാൽ ജിയോസിനിമക്കൊപ്പം ഡിസ്നി പ്ലസ് ഹോട്ട്സ്റ്റാറും റിലയൻസിനു കീഴിലാകും. എന്നാൽ, ലയനത്തിന് അനുമതി നൽകിയാൽ ഈ രംഗത്തെ മറ്റു കമ്പനികളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുമെന്നാണ് സിസിഐ വിലയിരുത്തുന്നത്. ഇക്കാര്യത്തിൽ അന്വേഷണം നടത്താതിരിക്കാൻ കാരണം ബോധിപ്പിക്കാനും ഇരു കമ്പനികളോടും കമ്മിഷൻ നിർദേശിച്ചിട്ടുണ്ട്.

ലയനത്തിൻറെ വിശദാംശങ്ങൾ തേടി റിലയൻസ് ഇൻഡസ്ട്രീസിനും ഡിസ്നിക്കും സിസിഐ 100 ചോദ്യങ്ങൾ അയച്ചിരുന്നു. വിപണി മേധാവിത്വം കുറയ്ക്കുന്നതിനായി പത്ത് ചാനലുകൾ വിൽക്കാമെന്നും കമ്പനികൾ സിസിഐയെ അറിയിച്ചു. അതേസമയം, ക്രിക്കറ്റ് സംപ്രേഷണ അവകാശങ്ങൾ വിറ്റൊഴിയാൻ കഴിയില്ലെന്നും അവർ വ്യക്തമാക്കി.

റിലയൻസിൻറെ ഉടമസ്ഥതയിലുള്ള വയാകോം18നാണ് ഡിസ്നിയുടെ ഇന്ത്യയിലെ ആസ്തികൾ ഏറ്റെടുക്കാൻ ശ്രമിക്കുന്നത്. ടിവി സംപ്രേഷണം, സ്ട്രീമിങ്, ഒടിടി, സിനിമ, സ്പോർട്സ് എന്നിവയടങ്ങുന്ന പുതിയ കമ്പനിയിൽ റിലയൻസ് ഇൻഡസ്ട്രീസിന് 61 ശതമാനം ഓഹരി പങ്കാളിത്തമുണ്ടാകും.

ഏഷ്യയിലെ അതിസമ്പന്നനായ മുകേഷ് അംബാനിക്ക് ഭൂരിപക്ഷ ഓഹരി പങ്കാളിത്തമുള്ള പുതിയ കമ്പനിക്ക് ക്രിക്കറ്റ് മത്സരങ്ങളുടെ സംപ്രേഷണാവകാശം ലഭിക്കുന്നതാണ് സിസിഐയ്ക്ക് ആശങ്ക സൃഷ്ടിക്കുന്നത്. അതിനാൽ വിപണി പൂർണമായും നിയന്ത്രിക്കാനും പരസ്യദാതാക്കളുടെ മേൽ ആധിപത്യം നേടാനും കഴിയുമെന്നും അവർ വിലയിരുത്തുന്നു. 120 ചാനലുകളും രണ്ട് സ്ട്രീമിങ് സർവീസുകളുടെയും ഉടമസ്ഥാവകാശമാണ് ലയന ശേഷം കമ്പനിക്ക് ലഭിക്കുക.

ലോകത്തിലെ ഏറ്റവും വലിയ വിനോദ വ്യവസായ വിപണിയുടെ സിംഹഭാഗവും ലയന ശേഷം റിലയൻസ്സ്റ്റാർ ഇന്ത്യയ്ക്ക് സ്വന്തമാകും.

## ആന്ധ്രയിൽ മരുന്ന് നിർമാണശാലയിൽ സ്ഫോടനം; 17 മരണം, 41 പേർക്ക് പരിക്ക്



**അമരാവതി:** ആന്ധ്രയിൽ അനകപ്പള്ളിയിലെ മരുന്നു നിർമാണശാലയിലുണ്ടായ സ്ഫോടനത്തിൽ 17 മരണം. 41 പേർക്ക് പരുക്കേറ്റു. രക്ഷാപ്രവർത്തനം തുടരുകയാണ്. എസെൻഷ്യ കമ്പനിയുടെ 40 ഏക്കറോളം വരുന്ന പ്ലാന്റിലാണ് സ്ഫോടനം. മുഖ്യമന്ത്രി എൻ. ചന്ദ്രബാബു നായിഡു വ്യാഴാഴ്ച സംഭവസ്ഥലം സന്ദർശിക്കും. സ്ഫോടനം ഉണ്ടായ പ്രദേശം പ്രത്യേക സാമ്പത്തിക മേഖലയാണ്. പരുക്കേറ്റവരെ എൻടിആർ ആശുപത്രിയിലേക്കാണ് മാറ്റിയത്. രണ്ട് ഷിഫ്റ്റുകളിലായി 380 ജീവനക്കാരാണ് പ്ലാന്റിൽ ജോലി ചെയ്യുന്നത്. ഉച്ചയ്ക്ക് 2.15 ഓടെ ഉച്ചഭക്ഷണ സമയത്തായിരുന്നു അപകടം. സംഭവത്തിൽ അന്വേഷണത്തിന് ഉത്തരവിട്ടു.

അഗ്നിരക്ഷാസേനയെ കൂടാതെ ദേശീയ ദുരന്ത നിവാരണ സേനയും സംഭവസ്ഥലത്തുണ്ട്. നിർമാണശാലയ്ക്കുള്ളിൽ കുടുങ്ങിയ 13 പേരെ രക്ഷപ്പെടുത്തിയതായി കലക്ടർ അറിയിച്ചു. 200 കോടി രൂപ മുതൽമുടക്കിൽ 2019 ഏപ്രിലിലാണ് മരുന്ന് നിർമാണശാലയിൽ ഉൽപാദനം ആരംഭിച്ചത്. ആന്ധ്രപ്രദേശ് ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ കോർപ്പറേഷന്റെ ക്യാംപസിലാണ് പ്ലാന്റ്.

## മോദി പോളണ്ടിൽ; 45 വർഷത്തിനിടെ ആദ്യമായെത്തുന്ന ഇന്ത്യൻ പ്രധാനമന്ത്രി




**വാഴ്സ:** പ്രധാനമന്ത്രി നരേന്ദ്ര മോദി പോളണ്ടിലെ വാഴ്സയിലെത്തി. 45 വർഷത്തിനിടയിൽ ആദ്യമായാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി ഇവിടെ സന്ദർശിക്കുന്നത്. പ്രസിഡന്റുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തും. ഇന്ത്യൻ സമൂഹത്തെയും കാണും. പിന്നീട് നവാനഗറിലെ ജാം സാഹബിന്റെ സ്മാരകത്തിൽ റീത്ത് സമർപ്പിക്കും.

'ഇന്ത്യ നയതന്ത്ര ബന്ധത്തിന്റെ 70 വർഷം ആഘോഷിക്കുന്ന വേളയിലാണ് എന്റെ പോളണ്ട് സന്ദർശനം. മധ്യ യൂറോപ്പിലെ പ്രധാന സാമ്പത്തിക പങ്കാളിയാണ് പോളണ്ട്. ജനാധിപത്യത്തോടും ബഹുസ്വരതയോടുമുള്ള പരസ്പര പ്രതിബദ്ധത ഇന്ത്യയും പോളണ്ടും തമ്മിലുള്ള ബന്ധത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നു. പങ്കാളിത്തം മുന്നോട്ടു കൊണ്ടുപോകുന്നതിനായി പ്രധാനമന്ത്രി ഡൊണാൾഡ് ടസ്കിനെയും പ്രസിഡന്റ് ആൻഡ്രെജ് ദുഡയെയും കാണും." മോദി പറഞ്ഞു.

പോളണ്ട് സന്ദർശനത്തിന് ശേഷം യുക്രെയ്ൻ പ്രസിഡന്റ് വൊളോഡിമർ സെലെൻസ്കിയുടെ ക്ഷണപ്രകാരം മോദി യുക്രെയ്നിലേക്ക് പോകും.

## അറിയാത്ത നമ്പറിൽ നിന്നുമുള്ള സന്ദേശങ്ങൾ തടയാം; പുതിയ ഫീച്ചറുമായി വാട്സാപ്പ്

**കൊച്ചി:** പുതിയ ഫീച്ചർ എത്തുന്നതോടെ നിങ്ങളുടെ നമ്പറിലേക്ക് ആർക്കെല്ലാം സന്ദേശം അയയ്ക്കാം എന്നത് നിങ്ങൾക്ക് തീരുമാനിക്കാൻ സാധിക്കും.

അറിയാത്ത നമ്പറുകളിൽ നിന്നുള്ള വാട്സാപ്പ് സന്ദേശങ്ങൾ നിരന്തരം ശല്യപ്പെടുത്തുന്നുണ്ടോ? അതിനൊരു ശാശ്വത പരിഹാരത്തിനായി പുതിയ ഫീച്ചർ അവതരിപ്പിക്കാനൊരുങ്ങുകയാണ് വാട്സ് ആപ്പ്. പുതിയ ഫീച്ചർ എത്തുന്നതോടെ നിങ്ങളുടെ നമ്പറിലേക്ക് ആർക്കെല്ലാം സന്ദേശം അയയ്ക്കാം എന്നത് നിങ്ങൾക്ക് തീരുമാനിക്കാൻ സാധിക്കും. അപരിചിതരിൽ നിന്നും അറിയാത്ത നമ്പറുകളിൽ നിന്നുമുള്ള സന്ദേശങ്ങൾ ബ്ലോക്ക് ചെയ്യാനുള്ള ബ്ലോക്ക് അൺനോൺ മെസേജ് എന്ന സജ്ജീകരണമാണ് ഒരുക്കുന്നത്. വൈകാതെ വാട്സാപ്പിൽ ഈ പുതിയ ഫീച്ചർ എത്തും. ആൻഡ്രോയിഡിൻറെ 2.24.17.24 ബീറ്റാ പതിപ്പിൽ ഈ ഫീച്ചറും പ്രതീക്ഷിക്കാം. വാട്സാപ്പിൻറെ പ്രൈവസി സെറ്റിങ്സിലാണ് പുതിയ ഫീച്ചർ ഉൾപ്പെടുത്തിയിരിക്കുന്നത്.





സൊസൈറ്റി ടുഡേ
SOCIETY TODAY



വയനാട് ദുരന്തത്തിനിരയായ വ്യാപാരികളുടെ പുനരധിവാസത്തിനായി കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾക്ക് ഏകോപന സമിതി എളമക്കര യൂണിറ്റിന്റെ നേതൃത്വത്തിൽ സമാഹരിച്ച 2,05,302 രൂപയുടെ ചെക്ക് കെവിവിഇഎസ് എറണാകുളം ജില്ലാ പ്രസിഡന്റ് പി.സി ജേക്കബ്ബ് എളമക്കര യൂണിറ്റ് പ്രസിഡന്റ് എഡ്വേർഡ് ഫോസ്റ്റസിൽ നിന്നും ഏറ്റുവാങ്ങുന്നു.ജില്ലാ, യൂണിറ്റ് ഭാരവാഹികൾ സമീപം

# വയനാട് ദുരന്തം: കെ.വി.വി.ഇ.എസ് ധനസഹായം കൈമാറി

**കൊച്ചി:** വയനാട് ഉരുൾപൊട്ടലിൽ വീടും കച്ചവടസ്ഥാപനങ്ങളും അടക്കം സർവ്വതും നഷ്ടപ്പെട്ട വ്യാപാരികളുടെ പുനരധിവാസത്തിനായി കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾക്ക് കൈത്താങ്ങാകാൻ ഏകോപന സമിതി എളമക്കര യൂണിറ്റിന്റെ നേതൃത്വത്തിൽ സമാഹരിച്ച 2,05,302 രൂപയുടെ ചെക്ക് കെ.വി.വി.ഇ.എസ് എറണാകുളം ജില്ലാ കമ്മറ്റിയ്ക്ക് കൈമാറി. പൊറ്റക്കുഴിയിലെ വ്യാപാര ഭവനിൽ നടന്ന സമ്മേളനത്തിൽ എറണാകുളം ജില്ലാ പ്രസിഡന്റും സംസ്ഥാന വൈസ് പ്രസിഡന്റുമായ പി.സി ജേക്കബ്ബ് ക്യാഷ് ചെക്ക് ഏറ്റുവാങ്ങി. സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ സമാഹരിക്കുന്ന ഫണ്ടിന്റെ 10 ശതമാനം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കൈമാറുമെന്നും ബാക്കിവരുന്ന 90 ശതമാനം ഫണ്ട് ഉരുൾപൊട്ടലിൽ കിടപ്പാടവും കച്ചവടസ്ഥാപനങ്ങളും നഷ്ടപ്പെട്ട വ്യാപാരികളുടെ പുനരധിവാസത്തിനായി ഉപയോഗിക്കുമെന്നും പി.സി ജേക്കബ്ബ് പറഞ്ഞു. യൂണിറ്റ് പ്രസിഡന്റ് എഡ്വേർഡ് ഫോസ്റ്റസ് അധ്യക്ഷത വഹിച്ചു. ജില്ലാ വൈസ് പ്രസിഡന്റുമാരായ എം.സി പോൾസൺ, അബ്ദുൾ റസാഖ്, യൂണിറ്റ് ജനറൽ സെക്രട്ടറി എസ്.മനോജ്കുമാർ, വൈസ് പ്രസിഡന്റുമാരായ പി.വി മോഹൻദാസ്, ടി.എ ഉമ്മർ, സെക്രട്ടറിമാരായ സിൽവസ്റ്റർ, സി.യു താഹ, ട്രഷറർ പി.എ സഫറുള്ള, ഫിനാൻസ് കമ്മിറ്റി ചെയർമാൻ ടി.പി പുരുഷോത്തമൻ, യൂത്ത് വിംഗ് വിംഗ് പ്രസിഡന്റ് എ.സി ഡിജു, വനിതാ വിംഗ് എളമക്കര യൂണിറ്റ് പ്രസിഡന്റ് കെ.എസ് ബേബി, ജനറൽ സെക്രട്ടറി ഷക്കീല, ട്രഷറർ അമ്പിളി, തുടങ്ങിയവർ സംസാരിച്ചു.




എസ്.എസ്.എൽ.സി, പ്ലസ് ടു, സി.ബി.എസ്.ഇ പരീക്ഷകളിൽ ഉന്നത വിജയം നേടിയ വ്യാപാരികളുടെയും തൊഴിലാളികളുടെയും മക്കൾക്ക് എറണാകുളം മാർക്കറ്റ് സ്റ്റാൾ അസ്സോസിയേഷൻ ഏർപ്പെടുത്തിയ വിദ്യാഭ്യാസ അവാർഡുകൾ കൊച്ചി മേയർ അഡ്വ.എം. അനിൽകുമാർ വിതരണം ചെയ്യുന്നു. എൻ.എച്ച് ഷമീദ്, പി.സി ജേക്കബ്ബ്, സി,ജെ ജോർജ്ജ്, പി.നിസാർ, മിയോൺ ജോൺ, ടി.എച്ച് നാസർ തുടങ്ങിയവർ സമീപം

# വിദ്യാഭ്യാസ അവാർഡുകൾ വിതരണം ചെയ്തു

**കൊച്ചി:** 2024 ലെ എസ്.എസ്.എൽ.സി, പ്ലസ്ടു, സി.ബി.എസ്.ഇ പരീക്ഷകളിൽ ഉന്നത വിജയം നേടിയ വ്യാപാരികളുടെയും തൊഴിലാളികളുടെയും മക്കൾക്ക് എറണാകുളം മാർക്കറ്റ് സ്റ്റാൾ അസ്സോസിയേഷൻ ഏർപ്പെടുത്തിയ വിദ്യാഭ്യാസ അവാർഡുകൾ വിതരണം ചെയ്തു. അസ്സോസിയേഷൻ പ്രസിഡന്റ് സി.ജെ ജോർജ്ജിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ കൊച്ചി മേയർ അഡ്വ. എം. അനിൽകുമാർ വിദ്യാർഥികൾക്ക് ക്യാഷ് അവാർഡും മെമന്റോയും സമ്മാനിച്ചു. വയനാട് ദുരന്തത്തിൽ സർവ്വതും നഷ്ടപ്പെട്ടവരുടെ പുനരധിവാസ നിധിയിലേക്കായി അസോസിയേഷൻ സമാഹരിച്ച ഒരു ലക്ഷം രൂപയുടെ ചെക്ക് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി ജില്ലാ പ്രസിഡന്റ് പി.സി ജേക്കബ്ബിന് ചടങ്ങിൽ കൈമാറി. കെ.എം.സി.സി പ്രസിഡന്റ് പി.നിസാർ, ആർട്ടിസ്റ്റ് മിയോൺ ജോൺ, ടി.എച്ച് നാസർ, എൻ.എച്ച് ഷമീദ് തുടങ്ങിയവർ സംസാരിച്ചു.



# കൽക്കത്ത സംഭവം : പ്രതിഷേധിച്ച് വിദ്യാർഥികൾ

**ആലുവ :** കൽക്കത്ത മെഡിക്കൽ കോളേജിൽ പീഡനത്തിനിരയായി ഡോക്ടർ കൊല്ലപ്പെട്ട സംഭവത്തിൽ എടത്തല അൽ അമീൻ കോളേജ് വിമൺ സെൽ, എൻഎസ്എസ് യൂണിറ്റ് എന്നിവയുടെ നേതൃത്വത്തിൻ പ്രതിഷേധിച്ചു. പ്രിൻസിപ്പാൾ ഡോ. സിനി കുര്യൻ ഉദ്ഘാടനം ചെയ്തു. കുട്ടികൾക്കും സ്ത്രീകൾക്കും എതിരെയുള്ള അതിക്രമത്തിനും എതിരെ കറുത്ത ബാഡ്ജ് ധരിച്ച് കോളേജ് വിദ്യാർത്ഥികളും ജീവനക്കാരും പ്രതിഞ്ജയെടുത്തു. വിമൺ സെൽ കൺവീനർ ഡോ. എയ്ഞ്ചൽ സി ജോൺ, എൻഎസ്എസ് പ്രോഗ്രാം കോർഡിനേറ്റർമാരായ ഡോ. പി ജെ സജിൻ, ഡോ. നിഷ ജോസഫ്, രമ്യ കെ പ്രഭ എന്നിവർ സംസാരിച്ചു.

# സൗജന്യ നേത്ര,ദന്തൽ ക്യാമ്പ്

കോലഞ്ചേരി: കോലഞ്ചേരി ലയൺസ് ക്ലബ്ബ് അമൃത ഹോസ്പിറ്റലിന്റെ്റെയും, കാലടി ഭവാനി ഫൗണ്ടേഷന്റെയും സഹകരണത്തോടെ ആഗസ്റ്റ് 25 ന് സൗജന്യ നേത്ര,ദന്തൽ ക്യാമ്പ് സംഘടിപ്പിക്കും. സുഗത ചാരിറ്റബിൾ ട്രസ്റ്റിന് സമീപമുള്ള കോലഞ്ചേരി ക്ലബ്ബിൽ രാവിലെ 9 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ ആയിരിക്കും ക്യാമ്പ്. തിമിര ശസ്ത്രക്രിയ ആവശ്യം വരുന്ന രോഗികൾക്ക് അമൃത ആശുപത്രിയിൽ സൗജന്യമായി ചെയ്തുകൊടുക്കും. ദന്ത വിഭാഗത്തിൽ, ക്ലീനിങ്, പല്ലു പറിക്കൽ, താൽക്കാലിക ഫില്ലിംഗ് ആദ്യത്തെ മൂന്ന് എക്സ്റേ എന്നിവ സൗജന്യമായിരിക്കും.



# വയനാട് ദുരന്തം; ദുരിതാശ്വാസനിധിയിലേക്ക് ഒരു കോടി നൽകി

**കൊച്ചി /തിരുവനന്തപുരം:** വയനാടിന്റെ അതിജീവനത്തിനും പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഒരു കോടിരൂപ സംഭാവന നൽകി തെലങ്കാന ആസ്ഥാനമായി പ്രവർത്തിക്കുന്ന കൃഷ്ണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്. ആശുപത്രി ശൃംഖലയുടെ ചെയർമാനും മാനേജിങ് ഡയറക്ടറുമായ ഡോ. ബി ഭാസ്കർ റാവു, ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായ ഡോ. അഭിനയ് ബൊള്ളിനേനി, ഡയറക്ടർ ശ്രീനാഥ് എന്നിവർ ചേർന്നാണ് മുഖ്യമന്ത്രി പിണറായി വിജയന് ഔദ്യോഗികമായി തുക കൈമാറിയത്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ടു ഇൻ വൺ ഓഫറുമായി ജിയോ ടിവി ഒരു കണക്ഷനിൽ രണ്ട് ടിവികൾ കണക്റ്റ് ചെയ്യാം

**കൊച്ചി:** ഒരു ജിയോഎയർഫൈബർ കണക്ഷനിൽ രണ്ട് ടിവികൾ കണക്റ്റ് ചെയ്യാമെന്ന് ജിയോ അധികൃതർ വ്യക്തമാക്കി.
ഇതുവരെ ജിയോഎസ്ടിബി വഴി മാത്രം ലഭ്യമായിരുന്ന ജിയോടിവി പ്ലസ്, ഇപ്പോൾ എല്ലാ പ്രമുഖ സ്മാർട്ട് ടിവി ഓപ്പറേറ്റിംഗ് സോഫ്റ്റ്‌വെയറിലും സൗജന്യ ഡൗൺലോഡിന് ലഭ്യമാകും. ജിയോടിവി+ ആപ്പ് 10ലധികം ഭാഷകളിലും 20തിലധികം വിഭാഗങ്ങളിലുമുള്ള 800ലധികം ഡിജിറ്റൽ ടിവി ചാനലുകളിലേക്ക് ആക്സസ് നൽകുന്നു. കൂടാതെ, ഒരൊറ്റ ലോഗിൻ ഉപയോഗിച്ച് 13ലധികം ജനപ്രിയ ഒടിടി ആപ്പുകളിൽ നിന്നുള്ള ഉള്ളടക്കം ഉപഭോക്താക്കൾക്ക് തിരഞ്ഞെടുത്ത് കാണാൻ സാധിക്കും. ജിയോ ടിവി പ്ലസിലൂടെ 800ലധികം ടിവി ചാനലുകൾ ലഭ്യമാണ്. ജനറൽ എന്റർടെയ്ൻമെന്റ് വിഭാഗത്തിൽ കളേഴ്സ് ടിവി, ഇടിവി, സോണിസബ്, സ്റ്റാർ പ്ലസ്, സീ ടിവി തുടങ്ങി നിരവധി ചാനലുകൾ കാണാം. വാർത്താ വിഭാഗത്തിൽ ആജ് തക്, ഇന്ത്യ ടിവി, ടിവി9 ഭാരതവർഷ്, എബിപി ന്യൂസ്, ന്യൂസ് 18 തുടങ്ങി നിരവധി പ്രമുഖ ചാനലുകളുണ്ട്. സോണി ടെൻ, സ്പോർട്സ് 19, സ്റ്റാർ സ്പോർട്സ്, യൂറോസ്പോർട്, ഡിഡി സ്പോർട്സ് തുടങ്ങി നിരവധി ചാനലുകൾ സ്പോർട്സിൽ ലഭ്യമാണ്. ബി4യു മ്യൂസിക്, 9എക്സ്എം, എംടിവി, സൂം തുടങ്ങി അനേകം മ്യൂസിക് ചാനലുകളും ജിയോടിവി പ്ലസ് ആപ്പിലുണ്ട്. കുട്ടികൾക്കായി പോഗോ, കാർട്ടൂൺ നെറ്റ് വർക്ക്, നിക്ക് ജൂനിയർ, ഡിസ്ക്കവറി കിഡ്സ് തുടങ്ങിയ നിരവധി ചാനലുകളുണ്ട്. സീ ബിസിനസ്, സിഎൻബിസി ടിവി 18, ഇടിനൗ, സിഎൻബിസി ആവാസ് തുടങ്ങിയ ബിസിനസ് ചാനലുകളും ലഭ്യമാണ്. ആസ്ത, ഭക്തി ടിവി, പിടിസി സിമ്രാൻ, സൻസ്കാർ തുടങ്ങി നിരവധി ആത്മീയ ചാനലുകളും ആപ്പിലുണ്ട്. ജിയോ സിനിമ പ്രീമിയം, ഡിസ്നി + ഹോട്ട്സ്റ്റാർ, സോണിലിവ്, സീ5, സൻനെക്സ്റ്റ്, ഹോയ്ചോയ്, ഡിസ്ക്കവറി പ്ലസ്, ലയൻസ്ഗെയ്റ്റ് പ്ലേ, ഫാൻകോഡ്, ഇ ടിവി വിൻ, ഷേമാരുമീ, ഇറോസ് നൗ, ആൾട്ട്ബാലാജി തുടങ്ങി 13ഓളം ഒടിടി ആപ്പുകളും പ്ലാറ്റ്ഫോമിൽ ലഭ്യമാണെന്നും അധികൃതർ വ്യക്തമാക്കി.

# ഷിംഗിൾസിനെതിരെ ബോധവത്കരണവുമായി അമിതാഭ് ബച്ചനും മനോജ് പഹ്‌വയും

**കൊച്ചി:** ഷിംഗിൾസ് രോഗത്തിനെതിരെ ജനങ്ങളെ ബോധവത്കരിക്കാനായി ജിഎസ്കെയുമായി കൈകോർത്ത് അമിതാഭ് ബച്ചനും മനോജ് പഹ്‌വയും. ഫാർമസ്യൂട്ടിക്കൽ കമ്പനിയായ ജിഎസ്കെ ചിക്കൻപോക്സും ഷിംഗിൾസും തമ്മിലുള്ള ബന്ധം സൂചിപ്പിക്കുന്ന പുതിയൊരു ക്യാമ്പയിന് തുടക്കമിട്ടു. "ഇത് ശാസ്ത്രമാണ്" എന്ന ടാഗ് ലൈനോട് കൂടിയ ഈ ക്യാമ്പയിൻ അമ്പത് വയസ് പിന്നിട്ടവരെയാണ് ലക്ഷ്യമിടുന്നത്.ചിക്കൻപോക്സ് വന്നിട്ടുള്ളവരുടെ നാഡികളിൽ നിർജീവമായിക്കിടക്കുന്ന വൈറസ് വീണ്ടും സജീവമാകുമ്പോൾ പിടിപെടുന്ന രോഗമാണ് ഷിംഗിൾസ്. മുൻപ് ചിക്കൻപോക്സ് വന്നവർക്ക് പ്രമേഹമുണ്ടായാൽ ഷിംഗിൾസ് പിടിപെടാനുള്ള സാധ്യത 40% കൂടുതലാണ്. രക്തത്തിലെ ഉയർന്ന പഞ്ചസാരയുടെ അളവ് രോഗപ്രതിരോധശക്തി കുറയ്ക്കുന്നത് കൊണ്ടാണ് ഇത് സംഭവിക്കുന്നത്. രോഗപ്രതിരോധശക്തി കുറയുമ്പോൾ ചിക്കൻപോക്സ് വൈറസ് വീണ്ടും പ്രവർത്തിക്കാൻ തുടങ്ങുകയും ഷിംഗിൾസിന് കാരണമാകുകയും ചെയ്യുന്നു. ചിക്കൻപോക്സും ഷിംഗിൾസും തമ്മിലുള്ള ബന്ധം ശാസ്ത്രീയമായി പറയുവാനാണ് പുതിയ പരസ്യചിത്രത്തിലൂടെ ശ്രമിച്ചിട്ടുള്ളതെന്ന് ജി.എസ്.കെയുടെ പ്രേഷന്റ് എംപവർമെന്റ് ഹെഡ് വിഗ്യേത അഗർവാൾ പറഞ്ഞു.



# ആലപ്പി റിപ്പിൾസ് ടീമിന്റെ പരിശീലനം ഇന്നുമുതൽ ആരംഭിക്കും

**ആലപ്പുഴ:** കേരള ക്രിക്കറ്റ് അസോസിയേഷൻ സംഘടിപ്പിക്കുന്ന പ്രഥമ കേരള ക്രിക്കറ്റ് ലീഗിനു മുന്നോടിയായി ആലപ്പി റിപ്പിൾസ് ടീം പരിശീലനം ഈ മാസം 22 മുതൽ തൃശ്ശൂരിൽ ആരംഭിക്കും. 22 മുതൽ 27 വരെയുള്ള ഇവിടുത്തെ പരിശീലനം പൂർത്തിയാക്കി 28ന് തിരുവനന്തപുരത്തേക്ക് തിരിക്കും. സെപ്റ്റംബർ 2ന് തുടങ്ങുന്ന ലീഗിനവേണ്ടിയുള്ള പരിശീലനം അവിടെ തുടരും. പരിശീലനത്തിന് പുറപ്പെടുന്നതിനു മുന്നോടിയായി ആലപ്പുഴയിൽ കളിക്കാരും സപ്പോർട്ടിങ് സ്റ്റാഫുമുൾപ്പെടെ ഒത്തുചേർന്നു. കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ സെപ്റ്റംബർ 19 വരെയാണ് ആലപ്പി റിപ്പിൾസ് അടക്കം 6 ടീമുകൾ മത്സരിക്കുന്ന കേരള ക്രിക്കറ്റ് ലീഗ് നടക്കുന്നത്.

ഐപിഎൽ താരം മുഹമ്മദ് അസ്ഹറുദ്ദീൻ ഐക്കൺ താരമായ ആലപ്പി റിപ്പിൾസ് ടീമിൽ രഞ്ജി ട്രോഫി താരങ്ങളായ ഓൾ റൗണ്ടർ അക്ഷയ് ചന്ദ്രൻ, ഓപ്പണർ കൃഷ്ണ പ്രസാദ്, ഓൾ റൗണ്ടർ വിനൂപ് മനോഹരൻ, ഫനൂസ് ഫൈസ്, വിശ്വേശ്വർ സുരേഷ്, വൈശാഖ് ചന്ദ്രൻ എന്നിവരും അനന്ത് ജോസഫ്, രോഹൻ നായർ, നീൽ സണ്ണി, അക്ഷയ് ടി കെ, ആസിഫ് അലി, ആൽഫി ഫ്രാൻസിസ് ജോൺ, കിരൺ സാഗർ, വിഘ്നേഷ് പുത്തൂർ, പ്രസൂൺ പി, ഉജ്ജ്വൽ കൃഷ്ണ, അക്ഷയ് ശിവ്, അഫ്രാദ് റിഷബ്, അതുൽ സൗരി എന്നിവരും ഉൾപ്പെടുന്നു. മുൻ ഐപിഎൽ ഫാസ്റ്റ് ബൗളർ പ്രശാന്ത് പരമേശ്വരനാണ് ആലപ്പി റിപ്പിൾസിന്റെ ഹെഡ് കോച്ച്.പ്രമുഖ ഗൾഫ് വ്യവസായി ടി. എസ്. കലാധരന്റെ നേതൃത്വത്തിലുള്ള കൺസോൾ ഷിപ്പിങ് സർവീസസിന് പുറമെ റാഫെൽ തോമസ്, ഷൈബു മാത്യു, ജിബിത് ജോയ്, നിജി ഇസ്മയിൽ എന്നിവരാണ് ടീമിന്റെ ഉടമസ്ഥർ.

TRIDENT GROUP
Being different is normal

# തക്ഷശിലയുമായി ട്രൈഡന്റ് ഗ്രൂപ്പ്

**കൊച്ചി:** ആഗോളതലത്തിൽ 2 ബില്യൺ അമേരിക്കൻ ഡോളർ വിലമതിക്കുന്ന എന്റർപ്രൈസ് കോൺഗ്ലോമറേറ്റായ ട്രൈഡന്റ് ഗ്രൂപ്പ്, അതിന്റെ മുൻനിര റിക്രൂട്ട്മെന്റും പരിശീലന പരിപാടിയുമായ 'തക്ഷശില'യുടെ പ്രഖ്യാപനം നടത്തി. തൊഴിൽ, നൈപുണ്യ വികസനം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ഇന്ത്യയിലെ ഗ്രാമീണ, അർദ്ധ നഗരങ്ങളിൽ നിന്നുള്ള 2000 എൻട്രി ലെവൽ ജീവനക്കാരെ റിക്രൂട്ട് ചെയ്യാനും പരിശീലിപ്പിക്കാനും ഈ സംരംഭം ലക്ഷ്യമിടുന്നുവെന്ന് ട്രൈഡന്റ് ഗ്രൂപ്പ് ചെയർമാൻ എമരിറ്റസ് രജീന്ദർ ഗുപ്ത പറഞ്ഞു.ഐടിഐ, ഡിപ്ലോമ, 10+2 വിദ്യാഭ്യാസം എന്നിവയുൾപ്പെടെ വിവിധ വിദ്യാഭ്യാസ പശ്ചാത്തലങ്ങളിൽ നിന്നുള്ള യുവാക്കൾക്കായി തക്ഷശില പ്രോഗ്രാം ഒരു പ്ലാറ്റ്ഫോം വാഗ്ദാനം ചെയ്യുന്നു.

തക്ഷശിലയുടെ സമാരംഭത്തോടെ വളർച്ചയുടെയും ശാക്തീകരണത്തിന്റെയും ഒരു പുതിയ അധ്യായത്തിലേക്ക് കടക്കുന്നു. സാമൂഹിക വികസനം, സാമ്പത്തിക ഉന്നമനം, വൈവിധ്യം, ഉൾപ്പെടുത്തൽ, രാഷ്ട്ര നിർമ്മാണം എന്നിവ കണക്കിലെടുത്ത് പ്രത്യേകം രൂപകൽപ്പന ചെയ്തതാണ് ഈ പരിപാടി. ഇതിൽ സ്ത്രീകൾ, ഗ്രാമീണർ, സാമ്പത്തികമായി ദുർബലരായ കുടുംബങ്ങൾ, പ്രതിരോധ സേവന വിദഗ്ധർ, ദേശീയ തലത്തിലുള്ള കായിക താരങ്ങൾ എന്നിവർക്ക് പ്രത്യേക മുൻഗണന നൽകുമെന്നും രജീന്ദർ ഗുപ്ത പറഞ്ഞു.

അതിന്റെ തുടക്കം മുതൽ, തക്ഷശില സംരംഭം എളിയ പശ്ചാത്തലത്തിൽ നിന്നുള്ള 20,000ത്തിലധികം വ്യക്തികളെ വിജയകരമായി പരിശീലിപ്പിക്കുകയും ജോലിക്ക് എടുക്കുകയും ചെയ്തിട്ടുണ്ട്. പങ്കെടുക്കുന്നവർക്ക് ഘടനാപരമായ ക്ലാസ് റൂം പരിശീലനം, ഹാൻഡ്ഓൺ അനുഭവം, മെന്റർഷിപ്പ്, തുടർച്ചയായ നൈപുണ്യങ്ങൾ എന്നിവ നൽകുന്നു. ഈ പൂർവ്വവിദ്യാർത്ഥികളിൽ പലരും ദേശീയമായും ആഗോളതലത്തിലും സ്വാധീനമുള്ള സംരംഭകർ, സിവിൽ സർവീസുകാർ, അക്കാദമിക്, ബിസിനസ് പ്രൊഫഷണലുകൾ എന്നിവയായി മാറിയിട്ടുണ്ട്.



# മോട്ടോറോളയുടെ പുതിയ മോട്ടോ ജി45 5ജി പുറത്തിറക്കി

**കൊച്ചി:** ഏറ്റവും പുതിയസ്നാപ ്ഡ്രാഗൺ 6എസ് ജെൻ3 പ്രോസ സറുമായി മോട്ടോ ജി45 5ജി പുറ ത്തിറക്കി.

സെഗ്മെന്റിലെ ഏറ്റവും വേഗത യേറിയ 5ജി, ഏറ്റവും ഉയർന്ന 13 5ജി ബാൻഡുകളും വരുന്ന മോട്ടോ ജി45ൽ 120ഹെർട്സ് റിഫ്രഷ് റേറ്റ്, 6.5' ബ്രൈറ്റ് ഡിസ്പ്ലേ, ഗൊറില്ല ഗ്ലാസ് 3, ഡോൾബി അറ്റ്മോസ് സ്റ്റീരിയോ സൗണ്ട്, 50എംപി ക്വാഡ് പിക്സൽ ക്യാമറയും സെഗ്മെന്റിലെ ഏറ്റവും ഉയർന്ന 16എംപി സെൽഫി ക്യാമറയും, സിഗ്നേച്ചർ സോഫ്റ്റ്വെയർ ഫീച്ചറുകളായ മോട്ടോ സെക്യൂരിറ്റി, സ്മാർട്ട് കണക്ട്, ഫാമിലി സ്പേസ്, മോട്ടോ അൺപ്ലഗ്ഡ് തുടങ്ങിയവയുമുണ്ടെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.ബ്രില്യന്റ് ബ്ലൂ, ബ്രില്യന്റ് ഗ്രീൻ, വിവ മജന്ത എന്നീ മൂന്ന് കളർ വേരിയന്റുകളിൽ, വീഗൻ ലെതർ ഫിനിഷിലുള്ള മോട്ടോ ജി45 5ജി 4ജിബി+128ജിബി, 8ജിബി+128ജിബി എന്നീ 2 വേരിയന്റുകളിൽ യഥാക്രമം 10,999 രൂപയ്ക്കും 12,999 രൂപയ്ക്കും ലഭ്യമാകും.ലോഞ്ച് ഓഫറിന്റെ ഭാഗമായി തിരഞ്ഞെടുത്ത ക്രെഡിറ്റ് കാർഡുകളിലോ എക്സ്ചേഞ്ച് വഴിയോ അധികമായി 1,000 രൂപ കിഴിവ് ലഭിക്കും. ഫ്ലിപ്കാർട്ട്, മോട്ടോറോള. ഇൻ എന്നിവയിലും റീട്ടെയിൽ സ്റ്റോറുകളിലും ഓഗസ്റ്റ് 28ന് ഉച്ചയ്ക്ക് 12 മണി മുതൽ മോട്ടോ ജി45 5ജി വിൽപ്പനയ്ക്കെത്തും.

# നൂതന സംരംഭക പദ്ധതിയുമായി വെക്സോ

**കൊച്ചി:** അയ്യായിരം സംരംഭകരെ വാർത്തെടുക്കുകയെന്ന ലക്ഷ്യത്തോടെ നൂതന സംരംഭക പദ്ധതിയുമായി കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പ് സംരംഭം വെക്സോ. കമ്പനി വിപുലീകരണത്തിന്റെ ഭാഗമായി സ്ഥാപകരായ സജിൻ, സുഹൈർ എന്നിവർ ചേർന്നാണ് 'മിഷൻ 2030' സംരംഭക പദ്ധതി പ്രഖ്യാപിച്ചത്. ആദ്യഘട്ടത്തിൽ 136 പേർക്ക് സംരംഭക അവസരം ഒരുക്കുകയാണ് ലക്ഷ്യം.2022ൽ തൃശൂർ സ്വദേശി സജിൻ, കൊച്ചി സ്വദേശി സുഹൈർ, അടൂർ സ്വദേശി അനീഷ്, തിരുവനന്തപുരം സ്വദേശി വിഷ്ണു എന്നിവർ ചേർന്ന് തുടക്കം കുറിച്ച പ്രാദേശിക ഓൺലൈൻ മാർക്കറ്റ് സ്പേസ് ആണ് വെക്സോ. വൻകിട വിദേശ കമ്പനികളുടെ വരവോടെ കച്ചവടം മന്ദഗതിയിലായ പ്രാദേശിക മാർക്കറ്റിനെ പിന്തുണയ്ക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച സ്റ്റാർട്ടപ്പിന് കേരള സ്റ്റാർട്ടപ്പ് മിഷന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഓൺലൈൻ ഷോപ്പിങ്ങിലേക്ക് മലയാളികൾ ചുവടു മാറിയ സാഹചര്യത്തിൽ പ്രാദേശിക കച്ചവടക്കാരുടെ ഉത്പന്നങ്ങൾ ഉപഭോക്താക്കൾക്ക് വീട്ടിൽ ഇരുന്ന് വാങ്ങുവാനുള്ള അവസരമാണ് വെക്സോ ഒരുക്കുന്നതെന്ന് വെക്സോ സ്ഥാപകൻ സജിൻ പറഞ്ഞു. നിലവിൽ കേരളത്തിൽ മാത്രം 36 ഇടങ്ങളിൽ വെക്സോ സാന്നിധ്യം അറിയിച്ചിട്ടുണ്ടെന്നും 2030ഓടെ അയ്യായിരം സംരംഭകരെ ഈ മേഖലയിൽ വാർത്തെടുക്കുന്നതോടെ വെക്സോയുടെ സാന്നിധ്യം എല്ലായിടത്തും ഉണ്ടാകുമെന്നും അദ്ദേഹം വ്യക്തമാക്കി. മിഷൻ 2030 ന്റെ ഭാഗമായി സംരംഭകരെ വളർത്തിയെടുക്കുന്നതിനൊപ്പം കേരളത്തിൽ ഉൾപ്പെടെ പ്രത്യക്ഷമായും പരോക്ഷമായും ഇരുപതിനായിരം തൊഴിൽ അവസരം സൃഷ്ടിക്കുമെന്നും വെക്സോ സഹ സ്ഥാപകൻ സുഹൈർ പറഞ്ഞു. കേന്ദ്ര സർക്കാരിന്റെ ഓപ്പൺ നെറ്റ്വർക്ക് ഫോർ ഡിജിറ്റൽ കൊമേഴ്സ് ( ഒഎൻഡിസി) പ്ലാറ്റ്ഫോമിൽ ബയേഴ്സ് വിഭാഗത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേരളത്തിൽ നിന്നുള്ള ഏക സ്റ്റാർട്ടപ്പാണ് വെക്സോയെന്നും അദ്ദേഹം വ്യക്തമാക്കി.




# കേരളത്തിൽ 101 കാറുകൾ ഡെലിവറി ചെയ്ത് ഫോക്സ് വാഗൺ

**കൊച്ചി:** ഫോക്സ് വാഗൺ പാസഞ്ചർ കാർസ് ഇന്ത്യ, മലയാള പുതുവർഷത്തിൻറെ ആദ്യ ദിനമായ ചിങ്ങം ഒന്നിന് കേരളത്തിൽ 101 കാറുകൾ ഉപഭോക്താക്കൾക്ക് ഡെലിവറി ചെയ്ത് പുതുവർഷം ആഘോഷിച്ചു. പുതുതായി പുറത്തിറക്കിയ ഓണം സ്പെഷ്യൽ എഡിഷൻ മോഡലുകളായ ടൈഗൺ, വിർടസ് എന്നിവയുടെ 55 ബുക്കിങ്ങുകൾ ലോഞ്ച് ചെയ്ത് വെറും 10 ദിവസങ്ങൾക്കുള്ളിൽ നേടാൻ ഫോക്സ്വാഗൺ കേരളയ്ക്ക് കഴിഞ്ഞിരുന്നു. ഇന്ത്യയിൽ ഫോക്സ്വാഗൺ നൽകുന്ന വാഗ്ദാനങ്ങളോടുള്ള വർദ്ധിച്ചുവരുന്ന ജനപ്രീതിയെയും, അതിൻറെ വൈവിധ്യമാർന്ന ഉപഭോക്തൃ അടിത്തറയുടെ മുൻഗണനകളും പാരമ്പര്യങ്ങളും നിറവേറ്റുന്നതിനുള്ള ബ്രാൻഡിൻറെ തുടർച്ചയായ ശ്രമങ്ങളെയും പ്രതിഫലിപ്പിക്കുന്നതാണ് ഈ വിജയകരമായ ബുക്കിങ്ങുകളെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

# കേരളത്തിൽ സാനിധ്യം വർധിപ്പിച്ച് ഉത്കർഷ് സ്മോൾ ഫിനാൻസ് ബാങ്ക്

**പത്തനംതിട്ട:** ഉത്കർഷ് സ്മോൾ ഫിനാൻസ് ബാങ്ക് ലിമിറ്റഡ് (ഉത്കർഷ് എസ്എഫ്ബിഎൽ) കേരളത്തിൽ സാന്നിധ്യം വിപുലീകരിച്ചു. പത്തനംതിട്ടയിൽ പുതിയ ഔട്ട്ലൈറ്റ് ഉദ്ഘാടനം ചെയ്തതോടെ കേരളത്തിൽ ഉത്കർഷ് സ്മോൾ ഫിനാൻസ് ബാങ്ക് ലിമിറ്റഡിന്റെ ആകെ ബാങ്കിങ് ഔട്ട്ലെറ്റുകളുടെ എണ്ണം അഞ്ചായി ഉയർന്നു. രാജ്യത്തുടനീളം 933 ബാങ്കിങ് ഔട്ട്ലെറ്റുകളാണ് ഉത്കർഷ് എസ്എഫ്ബിഎലിനുള്ളത്. ഞങ്ങളുടെ ബാങ്കിങ് ശൃംഖല കേരളത്തിൽ വ്യാപിപ്പിക്കുന്നതിൽ ഏറെ സന്തുഷ്ടരാണെന്ന് ഉത്കർഷ് സ്മോൾ ഫിനാൻസ് ബാങ്ക് ലിമിറ്റഡിന്റെ എംഡിയും സിഇഒയുമായ ഗോവിന്ദ് സിങ് പറഞ്ഞു. ഈ മേഖലയിൽ ഞങ്ങളുടെ സാന്നിധ്യം വർധിപ്പിക്കുന്നതിനുള്ള ബാങ്കിന്റെ പ്രതിബദ്ധതയെ അടിവരയിടുന്നതാണ് ഈ വിപുലീകരണമെന്നും അദ്ദേഹം പറഞ്ഞു. സേവിങ്സ്, കറന്റ് അക്കൗണ്ടുകൾ, ഫിക്സഡ് ഡിപ്പോസിറ്റുകൾ, റിക്കറിങ് ഡെപ്പോസിറ്റ് എന്നിവ ഉൾപ്പെടുന്ന സാമ്പത്തിക ഉൽപന്നങ്ങളുടെയും സേവനങ്ങളുടെയും ഒരു നിരതന്നെ ഉപഭോക്താക്കൾക്ക് ബാങ്കിലൂടെ ലഭിക്കും. ഉപഭോക്താക്കളുടെ അഭിലാഷങ്ങൾ നിറവേറ്റുന്നതിനായി, ഭവന വായ്പകൾ, ബിസിനസ് ലോണുകൾ, വസ്തുവിന് മേലുള്ള വായ്പകൾ എന്നിങ്ങനെ വിവിധ വായ്പാ ഉൽപ്പന്നങ്ങളും ബാങ്ക് വാഗ്ദാനം ചെയ്യുന്നു. ഇതുകൂടാതെ, ഇന്റർനെറ്റ് ബാങ്കിങ്, മൊബൈൽ ബാങ്കിങ്, യൂണിഫൈഡ് പേയ്മെന്റ് ഇന്റർഫേസ് (യുപിഐ), കോൾ സെന്റർ എന്നിങ്ങനെ ഒന്നിലധികം മാർഗങ്ങളും ബാങ്ക് വാഗ്ദാനം ചെയ്യുന്നുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

# കേരള ഐടി പാർക്കുകളിലേക്ക് ഇഗ്നൈറ്റ് 2.0 ഇൻറേൺഷിപ്പ്; അവസാന തിയതി ആഗസ്റ്റ് 31

**കൊച്ചി:** കേരള ഐടി പാർക്കുകളിലേക്കുള്ള ഇൻറേൺഷിപ്പ് പരിപാടിയായ ഇഗ്നൈറ്റ് 2.0 ലേക്ക് ആഗസ്റ്റ് 31 വരെ അപേക്ഷിക്കാം. ടെക്നോപാർക്ക്, ഇൻഫോപാർക്ക്,സൈബർപാർക്ക് കാമ്പസുകളിലേക്കാണ് ബിരുദധാരികൾക്ക് ഇൻറേൺഷിപ്പിനുള്ള സൗകര്യം ഒരുക്കുന്നത്.ആറുമാസമാണ് ഇൻറേൺഷിപ്പിൻറെ കാലാവധി. ഇൻറേൺഷിപ്പ് ലഭിക്കുന്നവർക്ക് സർക്കാർ 5000 രൂപ വീതം പ്രതിമാസം സ്റ്റൈപൻറ് നൽകും. കമ്പനികൾക്ക്തത്തുല്യമായതുകയോ അതിൽ കൂടുതലോ നൽകാവുന്നതാണ്. തൊഴിൽപരിചയം നേടാനും ഭാവിയിലേക്ക് മികച്ച ജോലി ലഭിക്കാനും ഇത് ഉദ്യോഗാർത്ഥികളെ സഹായിക്കും. മികച്ച ഉദ്യോഗാർഥികളെ വ്യവസായങ്ങൾക്ക് ലഭിക്കാനും ഇതു വഴി സാധിക്കും.രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കുമായി ഉദ്യോഗാർത്ഥികളും തൊഴിലുടമകളും (https://ignite.keralait.org/) സന്ദർശിക്കുക. അവസാന തിയതി ആഗസ്റ്റ് 31 ആണ്.സ്വകാര്യമേഖലയിലുള്ള കമ്പനികളുടെ സഹകരണത്തോടെ സംസ്ഥാനസർക്കാർ നടത്തുന്ന പദ്ധതിയാണ് ഇഗ്നൈറ്റ്. ഐടിഐടി അനുബന്ധമേഖലയിലെതൊഴിൽനൈപുണ്യം വർധിപ്പിക്കാനും ആവശ്യമായ പ്രതിഭകളെ ലഭിക്കാനുള്ള ലക്ഷ്യത്തോടെ 2022 ലാണ് സർക്കാർ ഈ പദ്ധതി തുടങ്ങിയത്.

# വിശ്വകർമ്മ ദിനം സ്വാഗത സംഘം രൂപീകരിച്ചു

**ആലുവ:** അഖില കേരളവിശ്വകർമ്മ മഹാസഭയുടെ നേതൃത്വത്തിൽ സെപ്തംബർ 17ന് അങ്കമാലിയിൽ നടക്കുന്ന വിശ്വകർമ്മ ദിനാചരണ പരിപാടികളുടെ വിജയത്തിനായി സ്വാഗത സംഘം രൂപീകരിച്ചു. സംസ്ഥാന കൗൺസിലംഗം കെ ആർ ശശി ഉദ്ഘാടനം ചെയ്തു. ആലുവ താലൂക്ക് യൂണിയൻ പ്രസിഡന്റ് എം വി ഭരതൻ അധ്യക്ഷത വഹിച്ചു. സംസ്ഥാന ഡയറക്ടർ ബോർഡംഗം ടി എ അരവിന്ദൻ മുഖ്യപ്രഭാഷണം നടത്തി. 51 അംഗ സ്വാഗത സംഘമാണ് രൂപീകരിച്ചത്.

ഭാരവാഹികൾ: ശാരദ വിജയൻ, അപ്പുക്കുട്ടൻ (രക്ഷാധികാരികൾ).എം വി ഭരതൻ(ചെയർമാൻ), കെ പി പ്രസാദ് (ജനറൽ കൺവീനർ), ടി പി പ്രസാദ്, ടി കെ രഥേശൻ (ഫിനാൻസ് കമ്മിറ്റി കൺവീനർമാർ).

# ബന്ധൻ ബിഎസ്ഇ ഹെൽത്ത് കെയർ ഇൻഡക്സ് ഫണ്ട്

**കൊച്ചി:** ബന്ധൻ ബിഎസ്ഇ ഹെൽത്ത് കെയർ ഇൻഡക്സ് ഫണ്ടുമായി ബന്ധൻ മ്യൂചൽ ഫണ്ട്. ഇത് ബിഎസ്ഇ ഹെൽത്ത് കെയർ ഇൻഡക്സ് ട്രാക്ക് ചെയ്തുകൊണ്ട് ഇന്ത്യയിലെ അതിവേഗം വളരുന്ന ആരോഗ്യ സംരക്ഷണ മേഖലയിലേക്ക് നിക്ഷേപകർക്ക് എക്സ്പോഷർ നൽകുന്നതിന് ലക്ഷ്യമിടുന്ന ഓപ്പൺഎൻഡ് പദ്ധതിയാണ്. പുതിയ ഫണ്ട് ഓഫർ സെപ്റ്റംബർ 3 ന് അവസാനിക്കും.

# ഡെൽറ്റ ഇലക്ട്രോണിക്സ്,തണ്ടർപ്ലസ് എന്നിവയുമായി കൈകോർത്ത് ടാറ്റ മോട്ടോർസ്

**കൊച്ചി:** വാണിജ്യ വാഹന നിർമാതാക്കളായ ടാറ്റ മോട്ടോർസ് തങ്ങളുടെ ഇലക്ട്രിക് കൊമേഷ്യൽ വാഹനങ്ങൾക്കായി രാജ്യത്തുടനീളം 250 പുതിയ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനായി ഡെൽറ്റ ഇലക്ട്രോണിക്സ് ഇന്ത്യ, തണ്ടർപ്ലസ് സൊല്യൂഷൻസ് എന്നീ സ്ഥാപനങ്ങളുമായുള്ള പങ്കാളിത്തം പ്രഖ്യാപിച്ചു. ഡൽഹി, മുംബൈ, ചെന്നൈ, ബംഗളൂരു, പൂനെ, കൊച്ചി എന്നിങ്ങനെ 50 ഓളം നഗരങ്ങളിൽ വിന്യസിക്കപ്പെട്ടിട്ടുള്ള പുതിയ ചാർജിംഗ് സ്റ്റേഷനുകൾ നിലവിലുള്ള 540 കൊമേർഷ്യൽ വെഹിക്കിൾ ചാർജിംഗ് പോയിന്റുകളുടെ നെറ്റുവർക്ക് കൂടുതൽ വിപുലപ്പെടുത്തും.

കാർബൺ ഫൂട്പ്രിന്റ് അളവ് കുറയ്ക്കുവാനുള്ള ശ്രമങ്ങളുടെ ഭാഗമായി ഇ കൊമേഴ്സ് കമ്പനികൾ, പാർസൽ & കൊറിയർ സേവനദാതാക്കൾ തുടങ്ങിയവർ മറ്റു സ്ഥാപനങ്ങളേക്കാളും തങ്ങളുടെ ലാസ്റ്റ് മൈൽ സേവനങ്ങൾക്കായി കൊമേർഷ്യൽ ഇലക്ട്രിക് വാഹനങ്ങൾ ഇപ്പോൾ കൂടുതലായി ഉപയോഗിക്കുന്നുണ്ട്. കൊമേർഷ്യൽ ഇലക്ട്രിക് വാഹനങ്ങളുടെ വർധനവ് മനസ്സിലാക്കിക്കൊണ്ടാണ് പ്രധാന നഗരങ്ങളിലും സമീപത്തുള്ള ഡീലർഷിപ്പുകളിലും ഇത്തരത്തിൽ ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സജ്ജമാക്കുന്നത്. ഇതിനാവശ്യമായ ഹാർഡ് വെയർ ഉത്പന്നങ്ങൾ ഡെൽറ്റ ഇലക്ട്രോണിക്സ് നൽകുമ്പോൾ അവ ഇൻസ്റ്റാൾ ചെയ്യുകയും പ്രവർത്തിപ്പിക്കുകയും ചെയ്യുകയാണ് തണ്ടർപ്ലസ് സൊല്യൂഷന്റെ ചുമതലയെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.



# മോൺട്ര ഇലക്ട്രിക് 5000 സൂപ്പർ ഓട്ടോകൾ ഡെലിവറി ചെയ്തു

**കൊച്ചി:** 123 വർഷത്തെ പാരമ്പര്യമുള്ള മുരുഗപ്പ ഗ്രൂപ്പിൽ നിന്നുള്ള അത്യാധുനിക ഇവി ബ്രാൻഡായ മോൺട്ര ഇലക്ട്രിക്, ഒരു വർഷത്തിനിടെ 5000 സൂപ്പർ ഓട്ടോകൾ ഡെലിവറി ചെയ്ത് സുപ്രധാന നേട്ടം കൈവരിച്ചു. 5000ാമത് ത്രീവീലർ പാസഞ്ചർ ഓട്ടോ (എൽ5എം വിഭാഗം) കഴിഞ്ഞ ദിവസം ഡെലിവറി ചെയ്തു. കേവലം ഒരു വർഷത്തിനുള്ളിൽ, 17 സംസ്ഥാനങ്ങളിലായി വ്യാപിച്ചുകിടക്കുന്ന 74 വിപണികളിലെ ഉപഭോക്താക്കൾക്കാണ് 5000 സൂപ്പർ ഓട്ടോകൾ ഡെലിവറി ചെയ്തത്.

രൂപകൽപനയിലും പ്രകടനത്തിലും മികച്ച ഫീച്ചറുകളുമായി സൂപ്പർ ഓട്ടോ വിഭാഗത്തിൽ വിപ്ലവം സൃഷ്ടിച്ചാണ് മോൺട്ര ഇലക്ട്രിക് സൂപ്പർ ഓട്ടോ വിപണിയിലെത്തിയത്. 203 കി.മീ റേഞ്ച് (എആർഐ സർട്ടിഫൈഡ്) ആണ് സൂപ്പർ ഓട്ടോ വാഗ്ദാനം ചെയ്യുന്നത്. ഈ വിഭാഗത്തിൽ ആദ്യമായി മൾട്ടിഡ്രൈവ് മോഡുകളും നഗര ട്രാഫിക്കിൽ തടസങ്ങളില്ലാതെ വാഹനം കൈകാര്യം ചെയ്യുന്നതിന് പാർക്ക് അസിസ്റ്റ് മോഡും സൂപ്പർ ഓട്ടോയിൽ സജ്ജീകരിച്ചിട്ടുണ്ടെന്ന്

വിപണിയിൽ അവതരിപ്പിച്ച് ഒരു വർഷത്തിനുള്ളിൽ 5000 സൂപ്പർ ഓട്ടോകൾ എത്തിക്കുക എന്ന സുപ്രധാന നാഴികക്കല്ല് കൈവരിച്ചതിൽ അഭിമാനമുണ്ടെന്ന് മോൺട്ര ഇലക്ട്രിക് ത്രീവീലർ ബിസിനസ് ഹെഡ് റോയ് കുര്യൻ പറഞ്ഞു.

# വനിതകൾക്ക് സ്വയം തൊഴിൽ: സൗജന്യ ഡ്രൈവിംഗ് പരിശീലനം

**കൊച്ചി:** എറണാകുളം ജില്ലയിലെ അർഹരായ വനിതകൾക്ക് സൗജന്യമായി ഡ്രൈവിംഗ് പരിശീലനം നൽകി സ്വയം തൊഴിൽ കണ്ടെത്തുന്നതിന് പ്രാപ്തരാക്കുന്ന പദ്ധതിയ്ക്ക് തുടക്കം കുറിച്ച് കൊച്ചി കോർപ്പറേഷൻ.

കൊച്ചി മുനിസിപ്പൽ കോർപറേഷൻ, സസ്റ്റൈനബിൾ അർബൻ മൊബിലിറ്റി എയർ ക്വാളിറ്റി,ക്ലൈമറ്റ് ആക്ഷൻ ആൻഡ് ആക്സിസിബിലിറ്റി (ടഡങഅഅ ഇഅ)എന്ന ഇൻഡോജർമ്മൻ സാങ്കേതിക സഹകരണ പദ്ധതി പ്രകാരം സ്ത്രീകൾക്ക് ഇ ഓട്ടോ ഡ്രൈവർ പരിശീലനം നൽകുന്നതിനായി ലൈറ്റ് മോട്ടോർ വാഹന പരിശീലനവും തുടർന്ന് ഇ ഓട്ടോ പരിശീലനവും നൽകുന്ന പദ്ധതിയാണിത്.

പദ്ധതി പ്രകാരം ജർമൻ ഫെഡറൽ മിനിസ്ട്രി ഫോർ ഇക്കണോമിക് കോഓപ്പറേഷൻ ആൻഡ് ഡെവലപ്മെൻറ്സമർപ്പിച്ച ഈ സ്ത്രീ ശക്തീകരണ പദ്ധതി ജർമൻ ഗവണ്മെന്റ് ഏജൻസി ഏകദ കിറശമ കൂടാതെ നഗര ഭവന വികസന മന്ത്രാലയത്തിന്റെ കൂടി സഹകരണത്തോടെ സി ഹെഡ് ആണ് പദ്ധതി നടപ്പിലാക്കുന്നതിന് നേതൃത്വം നൽകുന്നത്.

ഒരു വർഷം നീണ്ടു നിൽക്കുന്ന പരിശീലനപദ്ധതിയിൽ നാലു ഘട്ടങ്ങളിലായി വിവിധ സ്ഥലങ്ങളിലെ 80 വനിതകളെയാണ് പരിശീലിപ്പിക്കുന്നത്. പരിശീലനം നൽകുന്നതിന് എസ് .സി.എം.എസ് . ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റോഡ് സേഫ്റ്റി ആൻഡ് ട്രാൻസ്പോർടെഷൻ സേർസ്റ്റ് ആണ് തെരഞ്ഞെടുക്കപ്പെട്ടത്.

വനിതകളുടെ പരിശീലന പരിപാടി ഇന്ന് വൈകുന്നേരം മൂന്നിന് എറണാകുളം ടൗൺഹാളിൽ കൊച്ചി മേയർ അഡ്വ.എം.അനിൽകുമാർ ഉദ്ഘാടനം ചെയ്യും.

ഡെപ്യൂട്ടി മേയർ കെ.എ.അൻസിയ അദ്ധ്യക്ഷത വഹിക്കുന്ന യോഗത്തിൽ എസ്.സി.എം.എസ് ഗ്രൂപ്പ് രജിസ്ട്രാർ ഡോക്ടർ രാധ തേവന്നൂർ മുഖ്യ പ്രഭാഷണം നടത്തും.




# അമൃതാഞ്ജൻ ഹെൽത്ത്കെയറിന് അവാർഡ്

**കൊച്ചി:**അമൃതാഞ്ജൻ ഹെൽത്ത്കെയറിനെ ഇടി നൗ ബെസ്റ്റ് ഹെൽത്ത്കെയർ ബ്രാൻഡ്സ് പരിപാടിയുടെ ഏഴാമത് പതിപ്പിൽ ഏറ്റവും മികച്ച ഹെൽത്ത് കെയർ ബ്രാൻഡ് അവാർഡിനു തെരഞ്ഞെടുത്തു.വിവിധ ആരോഗ്യ പരിചരണ വിഭാഗങ്ങളിലായി വൈവിധ്യമാർന്ന ഉൽപന്ന നിരയാണ് അമൃതാഞ്ജൻ ഹെൽത്ത്കെയറിനുള്ളത്. കണ്ടുപിടുത്തങ്ങളാണ് അമൃതാഞ്ജൻറെ വിജയത്തിൻറെ അടിസ്ഥാനശില. വേദന നിവാരണത്തിനുള്ള റോൾ ഓൺ പോലുള്ള രീതികളും ആദ്യത്തെ ഹൈഡ്രോജെൽ പെയിൻ പാച്ചും എല്ലാം വേദനകൾക്കു വേഗം പരിഹാരം കാണുന്നത് സാധാരണക്കാർക്കും സാധ്യമാക്കി. ആഗോള തലത്തിലെ ഉപഭോക്താക്കളുടെ വൈവിധ്യമാർന്ന ആരോഗ്യ പരിചരണ ആവശ്യങ്ങൾ നിറവേറ്റുന്നതിൽ അമൃതാഞ്ജനുള്ള പ്രതിബദ്ധതയ്ക്കുള്ള അംഗീകാരം കൂടിയാണ് ഇടി നൗ ബെസ്റ്റ് ഹെൽത്ത്കെയർ ബ്രാൻഡ് അവാർഡെന്ന് അമൃതാഞ്ജൻ ഹെൽത്ത് കെയർ ചെയർമാനും മാനേജിങ് ഡയറക്ടറുമായ എസ് ശംഭു പ്രസാദ് പറഞ്ഞു.

# ഡെയ്ംലർ ഇന്ത്യയ്ക്ക് അത്യാധുനിക മെക്കാട്രോണിക്സ് ലാബ്

**കൊച്ചി:** ഡയ്മലർ ട്രക്ക് എ.ജി.യുടെ പൂർണ ഉടമസ്ഥതയിലുള്ള ഉപസ്ഥാപനമായ ഡെയ്ംലർ ഇന്ത്യ കൊമേഴ്സ്യൽ വെഹിക്കിൾസ് (ഡി.ഐ.സി.വി.)ന് പുതിയ അത്യാധുനിക മെക്കാട്രോണിക്സ് ലാബ്. ഈ ലാബ് സോഫ്റ്റ്വെയർ ആർക്കിടെക്ചർ വെരിഫിക്കേഷന്റെയും വാലിഡേഷൻറെയും കാര്യക്ഷമത ഗണ്യമായി വർദ്ധിപ്പിക്കുകയും, പരമ്പരാഗത രീതികളുമായി താരതമ്യപ്പെടുത്തുമ്പോൾ 7080% പരിധിയിൽ ചെലവ് കാര്യക്ഷമത ഉറപ്പാക്കുകയും ചെയ്യുന്നു. ലാബിൽ വിന്യസിച്ചിരിക്കുന്ന ചടുലമായ രീതിശാസ്ത്രങ്ങൾ ഒരു ക്ലോസ്ഡ്ലൂപ്പ് ഫീഡ്ബാക്ക് സിസ്റ്റത്തിലൂടെ സോഫ്റ്റ്വെയർ ബഗ്ഗുകൾ വേഗത്തിൽ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും സഹായിക്കുന്നുവെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. നേരത്തെ ആഴ്ചകളും മാസങ്ങളും എടുത്തിരുന്ന ടെസ്റ്റിംഗ്, വെരിഫിക്കേഷൻ രീതികൾ ഇപ്പോൾ ദിവസങ്ങളെടുക്കുന്നു, അതുവഴി ഗുണനിലവാരത്തിൻറെയും പരിശോധനാ പ്രക്രിയകളുടെയും ഫലപ്രാപ്തി ഗണ്യമായി മെച്ചപ്പെടുത്തുന്നു.

# സ്മാർട്ട് വർക്ക്സ് കോവർക്കിങ് സ്പെയ്സസ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** ഓഫീസ് എക്സ്പീരിയൻസ്, മാനേജ്ഡ് കാമ്പസ് പ്ലാറ്റ് ഫോമായ സ്മാർട്ട് വർക്ക്സ് കോവർക്കിങ് സ്പെയ്സസ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. 550 കോടി രൂപയുടെ പുതിയ ഓഹരികളും നിലവിലുള്ള നിക്ഷേപകരുടെ പത്ത് രൂപ മുഖവിലയുള്ള 6,759,480 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും.ജെ.എം ഫിനാൻഷ്യൽ ലിമിറ്റഡ്, ബിഐബി ക്യാപിറ്റൽ മാർക്കറ്റ്സ് ലിമിറ്റഡ്, ഐഐഎഫ്എൽ സെക്യൂരിറ്റീസ് ലിമിറ്റഡ്, കൊട്ടക് മഹീന്ദ്ര ക്യാപിറ്റൽ കമ്പനി ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

സൊസൈറ്റി ടുഡേ
SOCIETY TODAY

# നവംബറിൽ തിരുവനന്തപുരത്ത് ഓട്ടോമോട്ടീവ് ടെക്നോളജി റൗണ്ട് ടേബിൾ നടത്തും: മന്ത്രി

### ബിഎംഡബ്ല്യു പ്രതിനിധികളുമായി മന്ത്രി ചർച്ച നടത്തി

**തിരുവനന്തപുരം:** നവംബറിൽ തിരുവനന്തപുരത്ത് ബിഎംഡബ്ല്യു അടക്കമുള്ള കമ്പനികളുമായി സഹകരിച്ച് ഓട്ടോമോട്ടീവ് സാങ്കേതികവിദ്യ സംബന്ധിച്ച റൗണ്ട് ടേബിൾ കോൺഫറൻസ് നടത്തുമെന്ന് വ്യവസായ വകുപ്പ് മന്ത്രി പി രാജീവ് പറഞ്ഞു. ബിഎംഡബ്ല്യു പ്രതിനിധികളുമായി തിരുവനന്തപുരം ഹിൽട്ടൺ ഗാർഡനിൽ നടന്ന ചർച്ചയ്ക്ക് ശേഷം മാധ്യപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു മന്ത്രി.

തിരുവനന്തപുരത്തെ ഓട്ടോമോട്ടീവ് ടെക്നോളജി ഹബ്ബാക്കി മാറ്റാനുള്ള ശ്രമത്തിലാണ് സർക്കാറും കെഎസ് ഐഡിസിയും. ഇതിന്റെ ഭാഗമായാണ് ബിഎംഡബ്ല്യു പ്രതിനിധികളുമായി പ്രാഥമിക ചർച്ച നടത്തിയതെന്ന് മന്ത്രി പറഞ്ഞു. ബി എം ഡബ്ല്യു അടക്കമുള്ള കമ്പനികൾക്ക് ഓട്ടോമോട്ടീവ് സോഫ്റ്റ് വെയറുകൾ വികസിപ്പിച്ചുനൽകുന്ന കേരള കമ്പനിയായ ആക്സിയ ടെക്നോളജീസ് പ്രതിനിധികളും ചർച്ചയിൽ പങ്കെടുത്തു.

കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രീസ് തിരുവനന്തപുരം ചാർട്ടറുമായി സഹകരിച്ചാണ് റൗണ്ട് ടേബിൾ സംഘടിപ്പിക്കുന്നത്. പരിപാടിയിൽ ബിഎംഡബ്ല്യുവിനെക്കൂടാതെ ജർമ്മൻ, സ്വീഡിഷ് ഓട്ടോമോട്ടീവ് സാങ്കേതികവിദ്യ കമ്പനികളും പങ്കെടുക്കും.

കേരളത്തിൽ നിക്ഷേപം നടത്തുന്നതിന് സന്നദ്ധരായി ലോകത്തെമ്പാടുമുള്ള നിരവധി പ്രമുഖ സാങ്കേതികവിദ്യ കമ്പനികൾ മുന്നോട്ടുവരുന്നതായി മന്ത്രി പറഞ്ഞു. എല്ലാ ജില്ലകളിലും വലിയ വ്യവസായ വികസനം നടക്കുകയാണ്. കേരളം വ്യവസായ രംഗത്ത് മുന്നേറുന്ന സാഹചര്യം സംരംഭകരിലും വലിയ ആത്മവിശ്വാസമാണ് പകരുന്നത്.

കൊച്ചിയെ ജനറേറ്റീവ് എഐ ഹബ്ബും ആലപ്പുഴയെ മാരിടൈം ഹബ്ബുമാക്കാനുള്ള ശ്രമങ്ങളിലാണ് സർക്കാർ.

ഇടുക്കിയും വയനാടും അടക്കമുള്ള ജില്ലകളിൽ നിക്ഷേപം വരുന്നുണ്ട്. 50000 കോടി രൂപയുടെ നിക്ഷേപം സംസ്ഥാനത്ത് സമീപകാലത്തുണ്ടായതായും മന്ത്രി ചൂണ്ടിക്കാട്ടി. ബി എം ഡബ്ല്യു മുൻ വിദഗ്ധനും ആക്സിയ സ്ട്രാറ്റജിക് അഡ്വൈവസറുമായ സ്റ്റെഫാൻ ജുറാഷേക് കേരളത്തിൽ നിക്ഷേപം നടത്തുന്നതിനുള്ള വിവിധ സാധ്യതകൾ ആരാഞ്ഞു. മൂന്ന് പതിറ്റാണ്ട് ബി എം ഡബ്ല്യുവിൽ ഇലക്ട്രിക് മൊബിലിറ്റി, വെഹിക്കിൾ ഡൈനാമിക്സ്, ഇലക്ട്രിക് പവർട്രെയിൻ തുടങ്ങിയ മേഖലകളിൽ സേവനമനുഷ്ഠിച്ചിട്ടുള്ള സ്റ്റെഫാൻ കമ്പനിയുടെ ഗവേഷണ, വികസന വിഭാഗം വൈസ് പ്രസിഡന്റുമായിരുന്നു. ബി എം ഡബ്ല്യു പ്രതിനിധികളായ ക്രിസ്റ്റീന ഹെയ്ൻ, ഹെർമൻ ഫെരേര, ആക്സിയ ടെക്നോളജീസ് സ്ഥാപകനും സി.ഇ.ഒയുമായ ജിജിമോൻ ചന്ദ്രൻ, വ്യവസായ വാണിജ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ്, കെഎസ്ഐഡിസി എക്സിക്യൂട്ടീവ് ഡയറക്ടർ ഹരികൃഷ്ണൻ ആർ എന്നിവർ ചർച്ചയിൽ പങ്കെടുത്തു. തുടർന്നുള്ള ദിവസങ്ങളിലും ഓൺലൈനായും ഓഫ്‌ലൈനായും ചർച്ചകൾ തുടരുമെന്നും വ്യവസായ, വാണിജ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചർച്ചകൾ ഏകോപിപ്പിക്കുമെന്നും മന്ത്രി പറഞ്ഞു.

# ചിൽ അറ്റ് ഹോം ക്യാമ്പെയ്നുമായി സ്പ്രൈറ്റ്

കൊച്ചി: സ്പ്രൈറ്റ് ' ചിൽ അറ്റ് ഹോം' എന്ന വേറിട്ട പ്രചരണവുമായി രംഗത്ത്. കൗമാരക്കാരെ ലക്ഷ്യമാക്കിയാണ് പ്രധാനമായും പ്രചരണം സംഘടിപ്പിച്ചിരിക്കുന്നത്. കൗമാര ജീവിതം, കോളേജ് കാലം, സാമൂഹിക ചുറ്റുപാടുകൾ, കൂട്ടുകെട്ടുകൾ, സമൂഹത്തിലെ തിരക്കുകൾ എന്നിവയെല്ലാം ഉൾക്കൊള്ളുന്ന ഫിലിമുകളുടെ പരമ്പര ആയാണ് ക്യാമ്പെയ്ൻ തുടങ്ങുന്നത്.

# 115 മാഗ്നൈറ്റ് കാറുകൾ ഡെലിവറി ചെയ്ത് നിസ്സാൻ

**കൊച്ചി :** മലയാള പുതുവത്സര ദിനമായ ചിങ്ങം ഒന്നിന് നിസ്സാൻ കേരളത്തിൽ 115 നിസ്സാൻ മാഗ്നൈറ്റ് കാറുകൾ വിതരണം ചെയ്തു. കേരളത്തിലെ നാല് നിസ്സാൻ ഡീലർഷിപ്പുകളിലും പത്ത് സെയിൽസ് ടച്ച് പോയിന്റുകളിലുമായാണ് ഡെലിവറികൾ നടന്നത്.എഎംടി, ടർബോ സിവിടി, മാനുവൽ വേരിയന്റുകളിൽ വരുന്ന നിസാൻ മാഗ്നൈറ്റിന് കേരളത്തിൽ മികച്ച പ്രതികരണമാണുള്ളത്. 115 നിസ്സാൻ മാഗ്നൈറ്റ് കാറുകൾ വിതരണം ചെയ്തുകൊണ്ട് ചിങ്ങമാസ ആഘോഷത്തിന്റെ തുടക്കം കുറിച്ചതിൽ സന്തോഷമുണ്ടെന്നു നിസ്സാൻ മോട്ടോർ ഇന്ത്യ മാനേജിംഗ് ഡയറക്ടർ സൗരഭ് വത്സ പറഞ്ഞു.

# ഓസ്ട്രിയയിലേയ്ക്ക് നോർക്ക വഴി നഴ്സിങ് റിക്രൂട്ട്മെന്റ് പൈലറ്റ് പ്രോജക്റ്റിന് ധാരണയായി

**തിരുവനന്തപുരം:** കേരളത്തിൽ നിന്നും യൂറോപ്യൻ രാജ്യമായ ഓസ്ട്രിയയിലേയ്ക്ക് നോർക്ക റൂട്ട്സ് മുഖേന നഴ്സിങ് റിക്രൂട്ട്മെന്റ് പൈലറ്റ് പ്രോജക്ട് ആരംഭിക്കാൻ ധാരണയായി. ഓസ്ട്രിയൻ ട്രേഡ് കമ്മീഷണർ ആന്റ് കൊമേഴ്സ്യൽ കൗൺസിലർ ഹാൻസ് ജോർഗ് ഹോർട്ട്നാഗലിന്റെ നേതൃത്വത്തിലെത്തിയ പ്രതിനിധി സംഘവുമായി നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അജിത് കോളശ്ശേരിയുടെ നേതൃത്വത്തിൽ നടന്ന ചർച്ചയിലാണ് ധാരണയായത്. പ്രതിവർഷം 7000 മുതൽ 9000 നഴ്സിങ് പ്രൊഫഷണലുകൾക്കാണ് നിലവിൽ ഓസ്ട്രിയയിൽ അവസരമുള്ളത്. കെയർ ഹോം, ഹോസ്പിറ്റലുകൾ, വയോജനപരിപാലനത്തിനായുള്ള പ്രൈവറ്റ് ഹോം എന്നിങ്ങനെയാണ് അവസരങ്ങളെന്ന് ഹാൻസ് ജോർഗ് ഹോർട്ട്നാഗൽ വ്യക്തമാക്കി. കേരളത്തിൽ നിന്നുള്ള നഴ്സുമാർ മികച്ച നൈപുണ്യമികവുളളവരാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ജർമ്മനിയിലേയ്ക്കുള്ള നഴ്സിംങ് റിക്രൂട്ട്മെന്റായ ട്രിപ്പിൾവിൻ മാതൃകയിൽ ഓസ്ട്രിയയിലേയ്ക്ക് പ്രത്യേക റിക്രൂട്ട്മെന്റിനുള്ള സാധ്യതകൾ പരിശോധിക്കാമെന്ന് കൂടിക്കാഴ്ചയിൽ അജിത് കോളശ്ശേരി പറഞ്ഞു.

തൈയ്ക്കാട് നോർക്ക സെന്ററിൽ നടന്ന കൂടിക്കാഴ്ചയിൽ തിരുവനന്തപുരം ഗവൺമെന്റ് നഴ്സിങ് കോളേജിൽ നിന്നും അസോസിയേറ്റ് പ്രൊഫസർമാരായ റീന എ തങ്കരാജ്, ശോഭ പി.എസ്, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എജ്യുക്കേഷൻ ആൻഡ് ടെക്നോളജി ഡയറക്ടർ ആശാ.എസ്.കുമാർ, നോർക്ക റൂട്ട്സ് റിക്രൂട്ട്മെന്റ് മാനേജർ പ്രകാശ് പി ജോസഫ്, ഹോം ഒതന്റിക്കേഷൻ ഓഫീസർ സുഷമാഭായി, മറ്റ് റിക്രൂട്ട്മെന്റ് വിഭാഗം പ്രതിനിധികൾ എന്നിവർ സംബന്ധിച്ചു.

# എജുക്കേഷൻ ഹബ്ബ് നിർമ്മാണോദ്ഘാടനം നാളെ

**കണ്ണൂർ:** ധർമ്മടം നിയോജക മണ്ഡലത്തിലെ പിണറായി വില്ലേജിൽ, 12.93 ഏക്കർ സ്ഥലത്ത് 285 കോടി രൂപ ചിലവിൽ സ്ഥാപിക്കുന്ന വിദ്യാഭ്യാസ സമുച്ചയമായ പിണറായി എജുക്കേഷൻ ഹബിന്റെ നിർമ്മാണോദ്ഘാടനം ആഗസ്റ്റ് 23 ന് രാവിലെ 10 മണിക്ക് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. പിണറായി കൺവെൻഷൻ സെന്ററിൽ നടക്കുന്ന ചടങ്ങിൽ ഉന്നത വിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു അധ്യക്ഷത വഹിക്കും. മന്ത്രി പി എ മുഹമ്മദ് റിയാസ് മുഖ്യാതിഥിയാകും.

പോളിടെക്നിക് കോളേജ്, ഐ എച്ച് ആർ ഡി കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, ഐ ടി ഐ, ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്, സിവിൽ സർവ്വീസ് അക്കാഡമി എന്നിവയാണ് ഈ വിദ്യാഭ്യാസ സമുച്ചയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കൂടാതെ അടിസ്ഥാന വികസന സൗകര്യങ്ങളായ അതിഥി മന്ദിരം, കാന്റീൻ, ഓഡിറ്റോറിയം, പൊതുകളിസ്ഥലം, ഹോസ്റ്റൽ എന്നിവയും പദ്ധതിയുടെ ഭാഗമായി ഒരുക്കുന്നുണ്ട്. പദ്ധതിഭൂമിയോട് ചേർന്ന് പിണറായി ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത്, 2000 പേർക്ക് ഇരിക്കാവുന്ന ഓപ്പൺ എയർ ഓഡിറ്റോറിയവും പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്നുണ്ട്. കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്ന ഈ പദ്ധതിയുടെ ഏകോപനച്ചുമതല ഐ എച്ച് ആർ ഡിയും നിർമ്മാണ മേൽനോട്ടം കെ എസ് ഐ ടി ഐ എല്ലും നിർവ്വഹിക്കുന്നു.

നവീനമായ പുതുതലമുറ കോഴ്സുകൾ ഉൾപ്പെടെ നൽകുന്ന നിരവധി സ്ഥാപനങ്ങൾ ഒറ്റ ക്യാമ്പസിൽ ലഭ്യമാക്കുന്നത് സംസ്ഥാനത്തുതന്നെ ആദ്യമായാണ്.

LIVA®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives !


THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LIVA KITCHENS & INTERIORS
TRUSTED since 2007 | 15 YEAR GUARANTEE | 100% GUARANTEED | ISO 9001 | LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663